***പ്രളയക്കെടുതിയിലകപ്പെട്ടവരുടെ മാനസിക ആരോഗ്യം ഉറപ്പാക്കി അവരെ ജീവിതത്തിലേക്ക് തിരികെ കൊണ്ടു വരാൻ കുടുംബശ്രീ കമ്മ്യൂണിറ്റി കൗൺസിലർമാർക്ക് നിംഹാൻസ് പരിശീലനം***

പ്രളയത്തിലകപ്പെട്ടവരുടെ മാനസിക ആരോഗ്യം ഉറപ്പാക്കി അവരെ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവരുന്നതിലേക്കായി കുടുംബശ്രീ കമ്മ്യൂണിറ്റി കൗൺസിലർമാർക്ക് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെൻറൽ ഹെൽത്ത് ആൻഡ് ന്യൂറോ സയൻസസിന്റെ നേതൃത്വത്തിൽ പരിശീലനം നൽകി. ആലപ്പുഴ മെഡിക്കൽ കോളേജും കുടുംബശ്രീയും ചേർന്ന് ആലപ്പുഴ ടി ഡി മെഡിക്കൽ കോളേജിലാണ് പരിശീലന പരിപാടി സംഘടിപ്പിച്ചത്. പ്രളയത്തിന്റെ നടുക്കുന്ന ഓർമ്മയിൽ കഴിയുന്നവർക്ക് അതിൽ നിന്നും മോചനം നൽകുന്നതിൽ സഹായിക്കുന്നതിനുള്ള ശാസ്ത്രീയമായ നിർദ്ദേശങ്ങളാണ് നിംഹാൻസ് നൽകിയത്.

മാനസിക സമ്മർദ്ദം മറികടക്കാൻ ദുരിതബാധിതരെ സഹായിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, മാനസിക പിന്തുണ നൽകുമ്പോൾ പറയാൻ പാടുള്ളതും പാടില്ലാത്തതുമായ കാര്യങ്ങൾ, ദുരിത ബാധിതരെ അനുതാപത്തോടെ സമീപിക്കുന്നതിന്റെ ആവശ്യകത, സ!!ൈ!!ക്കോളജിക്കൽ ഫസ്റ്റ് എയ്ഡ്, റിലാക്സേഷൻ എക്സർസ!!ൈ!!സുകൾ ചെയ്യേണ്ട രീതികൾ മുതലായ നിർദ്ദേശങ്ങളാണ് പരിശീലനത്തിലൂടെ നൽകിയത്.

ജില്ലയിലെ വിവിധ മേഖലകളിൽ നിന്നുള്ള ഇരുപത്തഞ്ചോളം കുടുംബശ്രീ കൗൺസിലർമാരാണ് നിംഹാൻസിന്റെ പരിശീലന പരിപാടിയിൽ പങ്കെടുത്തത്. നിംഹാൻസിന്റെ പരിശീലന പരിപാടിയിലൂടെ ലഭിച്ച മാർഗ്ഗ നിർദ്ദേശങ്ങളനുസരിച്ച് വരും ദിവസങ്ങളിൽ ദുരിത ബാധിത പ്രദേശങ്ങളിലെ ആളുകളെ സന്ദർശിച്ച് മതിയായ മാനസിക ഉറപ്പാക്കാനാണ് കുടുംബശ്രീ കമ്മ്യൂണിറ്റി കൗൺസിലർമാർ ലക്ഷ്യമിടുന്നത്.

കമ്മ്യൂണിറ്റി മെഡിസിൻ അസിസ്റ്റന്റ് പ്രൊഫസർ ഡോ.നിഷ, സൈക്യാട്രി ഡിപ്പാർട്ട്മെന്റ് ഹെഡ് ഡോ. വർഗ്ഗീസ് പുന്നൂസ്, സൈക്യാട്രിസ്റ്റ് ഡോ. സെബിൻ, കമ്മ്യൂണിറ്റി മെഡിസിൻ ഡിപ്പാർട്ട്മെന്റ് ഹെഡ് ഡോ. സൈറു ഫിലിപ്പ്, നിംഹാൻസിൽ നിന്നുള്ള ഡോ .ഫെസ്ലി സിദ്dിഖ്, കുടുംബശ്രീ ആലപ്പുഴ ജില്ലാ പ്രോഗ്രാം മാനേജർ മോൾജി ഖാലിദ് എന്നിവരാണ് ക്ലാസുകൾ നയിച്ചത്.

